പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1958

16.02.2016-ൽ മറുപടിയ്ക്ക്.

## വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ മരണപ്പെട്ടു ; എത്ര പേർക്ക് പരിക്കേറ്റു; ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു ; ഇനിയും എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ (18.05.2011 മുതൽ 31.01.2016 വരെ)

| | |
|---|---|
| രജിസ്റ്റർ ചെയ്ത വാഹനാപകടങ്ങൾ | 1,70,409 |
| മരണപ്പെട്ടവർ | 19,620 |
| പരിക്കേറ്റവർ | 1,96,282 |
| ഇതുമായി ബന്ധപ്പെട്ട് അറസ്റ്റു ചെയ്യപ്പെട്ടവർ | 1,64,147 |
| ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവർ | 2,082 |

(സി) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേർ മരണപ്പെട്ടു ; എത്ര പേർക്ക് പരിക്കേറ്റു ; വിശദമാക്കുമോ ;

( സി)

| | |
|---|---|
| മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസ്സുകൾ | 9,64,952 |
| മദ്യപിച്ചു വാഹനമോടിച്ച് അപകടമുണ്ടായതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസ്സുകൾ | 584 |
| മരണപ്പെട്ടവർ | 44 |
| പരിക്കേറ്റവർ | 572 |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാനും ജാമ്യമില്ലാ വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ഡി) | മദ്യപിച്ച് വാഹനമോടിച്ച് അപകടം വരുത്തുന്നതുമായി ബന്ധപ്പെട്ട കേസുകളിലും മറ്റും കുറ്റാരോപിതരാകുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ആർ.ടി ഓഫീസുകളിലേയ്ക്ക് നൽകി വരുന്നുണ്ട്. ഇത്തരം കുറ്റ കൃത്യങ്ങളിൽപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥയിലെ ശക്തമായ വകുപ്പുകൾ പ്രകാരം തന്നെ കേസ്സ് രജിസ്റ്റർ ചെയ്തും വരുന്നു. |
| (ഇ) | വാഹന പരിശോധനയുമായി ബന്ധപ്പെട്ട് നിർത്താതെ പോയ വാഹനങ്ങളെ പിന്തുടരുന്ന പോലീസിന്റെ നടപടിയിൽ പേടിച്ച് നിയന്ത്രണം വിട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു ; എത്ര പേർക്ക് പരിക്കേറ്റു ; വ്യക്തമാക്കുമോ ; | (ഇ) | തിരുവനന്തപുരം റൂറൽ ജില്ലയിൽ 2015-ൽ ഒരു കേസ്സിൽ ഒരാൾ മരണപ്പെടുകയും, രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഹെൽമെറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എന്ത് തുക പിഴ ഈടാക്കി ; | (എഫ്) | ഹെൽമെറ്റ് ധരിക്കാത്തതിന്റെ പേരിൽ 65,45,316 പെറ്റി കേസ്സുകൾ എടുക്കുകയും, 64,83,41,600 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; പിഴ ഇനത്തിൽ എത്ര തുക ഈടാക്കി ; റോഡിന്റെ മറവിലും ട്രാഫിക് | (ജി) | 15,65,123 പെറ്റി കേസ്സുകൾ എടുക്കുകയും, പിഴ ഇനത്തിൽ 15,59,77,400 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ മറവിലും ട്രാഫിക്ക് സിഗ്നലിന്റെ സമീപത്തും വാഹന പരിശോധന നടത്തുന്നതായോ, |

| | |
|---|---|
| സിഗ്നലിന്റെ സമീപത്തും വാഹന പരിശോധന നടത്തുന്നതും മൂലം അപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതുമൂലം ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട് ; അതുവഴി എത്ര പേർ മരണപ്പെട്ടു ; ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു ; അവർ ആരെല്ലാമെന്ന് വിശദമാക്കുമോ ; ഇത്തരം പരിശോധന നിർത്തലാക്കി നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | അതുമൂലം അപകടങ്ങൾ വർദ്ധിക്കുന്നതായോ ഉള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ